(സി) 15-5-1993-ലെ ഉത്തരവ് പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിലെ എത്രപേർക്ക് ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാരായി നിയമനം നൽകി എന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഈ ഉത്തരവിൻപ്രകാരം പി.എസ്.സി. വഴി നേരിട്ടുള്ള നിയമനത്തിനായി എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യേണ്ടതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 24 പേരെ.

(ബി) 2006-ൽ ആദ്യമായി നിലവിൽവന്ന റാങ്ക് ലിസ്റ്റിൽ നിന്നും അഡ്വൈസ് ചെയ്ത 17 പേർക്കും നിയമന ഉത്തരവ് നൽകിയിരുന്നു.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി&ഇ) 15-5-1993-ലെ ഉത്തരവ് പ്രകാരം മൊത്തത്തിലുള്ള തസ്തികകളുടെ 50% ആണ് റിപ്പോർട്ട് ചെയ്യേണ്ടത്. എന്നാൽ സ്പെഷ്യൽ റൂൾസ് ഭേദഗതി നിർദ്ദേശിക്കുകയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയുടെ 1/3 ഭാഗം മാത്രം നേരിട്ടുള്ള നിയമനം മതിയെന്നും ബാക്കി പ്രൊമോഷൻ വഴി നികത്തിയാൽ മതിയെന്നുമുള്ള നിർദ്ദേശം ഉൾപ്പെടുന്ന സ്പെഷ്യൽ റൂൾസ് ഭേദഗതിയിൻമേൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ അന്തിമ തീരുമാനത്തിന്റെ വെളിച്ചത്തിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതാണ്.

അനർട്ടിൽ വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർ

150 (1113) ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികവിഭാഗക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'അനർട്ട്' ഊർജ്ജസുരക്ഷാ മിഷനിൽ എത്ര വീതം റീജിയണൽ പ്രോഗ്രാം മാനേജർമാർ, ജോയിന്റ് ടെക്നിക്കൽ ഡയറക്ടർമാർ, പ്രോഗ്രാം മാനേജർമാർ എന്നിവർ ജോലി ചെയ്യുന്നുണ്ട് ; ഇവരുടെ പേരും ശമ്പളവും ശമ്പളസ്കെയിലും വെളിപ്പെടുത്തുമോ ; ഇവർ താൽക്കാലിക ജീവനക്കാരാണോ. അഥവാ സ്ഥിര ജോലിക്കാരാണോ എന്ന് വിശദമാക്കുമോ ;

(ബി) ഇവരിൽ കോടതി ഉത്തരവ് പ്രകാരം വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർ ആരൊക്കെ എന്നും, എന്നാണ് വിജിലൻസ് അന്വേഷണത്തിന് ഉത്തരവായത് എന്നും വ്യക്തമാക്കുമോ ; വിജിലൻസ് അന്വേഷണത്തിന് ഉത്തരവായശേഷം ഈ ഉദ്യോഗസ്ഥർക്ക് അഡ്വാൻസ് തുക നൽകിയിട്ടുണ്ടോ : ഉണ്ടെങ്കിൽ എത്ര തുക വീതം ; ഇതിനായി പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES KERALA LEGISLATIVE ASSEMBLY

(സി) പ്രസ്തുത ജീവനക്കാരിൽ എത്ര പേർ 2008 മാർച്ചിനുശേഷം വിമാനയാത്ര നടത്തിയിട്ടുണ്ട് ; ഇവർ ഓരോരുത്തർക്കും ഈ ഇനത്തിൽ എത്ര തുക ചെലവായി ; ഇവയുടെയെല്ലാം ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) കരാർ ജീവനക്കാർക്ക് വിമാനയാത്ര നടത്താൻ അനർട്ടിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയോ, ഗവേണിംഗ് ബോഡിയോ, സർക്കാരോ ഉത്തരവ് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) അനെർട്ടിൽ ഏകോപിക്കപ്പെട്ട ഊർജ്ജ സുരക്ഷാമിഷനിലെ റീജിയണൽ പ്രോഗ്രാം മാനേജർമാർ, ജോയിന്റ് ടെക്നിക്കൽ ഡയറക്ടർമാർ, പ്രോഗ്രാം മാനേജർമാർ എന്നിവരുടെ പേരും ശമ്പളവും ശമ്പളസ്കെയിലും അനുബന്ധം 1 ആയി ചേർക്കുന്നു.* ഇവർ പ്രോജക്ട് ജീവനക്കാരാണ്.

(ബി) ഇവരിൽ കോടതി ഉത്തരവ് പ്രകാരം വിജിലൻസ് അന്വേഷണം നേരിടുന്നവർ ഇല്ല. അതിനാൽ അഡ്വാൻസ് തുക സംബന്ധിച്ച് വിശദാംശങ്ങൾ പ്രസക്തമല്ല.

(സി) ഇവരിൽ 2008 മാർച്ചിന് ശേഷം വിമാനയാത്ര നടത്തിയിട്ടുള്ളവരുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

1.	ശ്രീ. ആർ. ജയകുമാർ	-	വ്യക്തിപരം
2.	ശ്രീ. എസ്. മധു	-	വ്യക്തിപരം
3.	ശ്രീ. അജിത്ഗോപി	-	അനധികൃത വിദേശ ട്രെയിനിംഗ്
4.	ശ്രീ. സി. കെ. ചന്ദ്രബോസ്	-	ഔദ്യോഗികം
5.	ശ്രീ. ആർ. രാജേഷ്	-	ഔദ്യോഗികം
6.	ശ്രീ. അനീഷ് എസ്. പ്രസാദ്	-	ഔദ്യോഗികം

ഔദ്യോഗിക കൃത്യങ്ങൾക്കായി യാത്ര നടത്തിയവരുടെ ചെലവ് കണക്കുകൾ താഴെ കൊടുക്കുന്നു:

1.	ശ്രീ. സി. കെ. ചന്ദ്രബോസ്	-	21,321
2.	ശ്രീ. ആർ. രാജേഷ്	-	3,306
3.	ശ്രീ. അനീഷ് എസ്. പ്രസാദ്	-	21,872

ഉത്തരവുകളുടെ പകർപ്പ് അനുബന്ധം 2 ആയി വയ്ക്കുന്നു.* വിദേശ ട്രെയിനിംഗ് വിമാന യാത്രയ്ക്ക് പോയ ശ്രീ. അജിത് ഗോപിയുടെ യാത്ര നടപടികൾക്കും പരിശീലനത്തിനും അനെർട്ടിന്റെയോ സർക്കാരിന്റെയോ അനുമതി ലഭിച്ചിട്ടില്ല.

(ഡി) സർക്കാരിന്റെ സാധുകരണം ശ്രീ. അനീഷ് എസ്. പ്രസാദ്, ശ്രീ. സി. കെ. ചന്ദ്രബോസ് എന്നിവർ നടത്തിയ യാത്രയ്ക്ക് വാങ്ങിയിട്ടുണ്ട്. ശ്രീ. ആർ. രാജേഷ് 2011-ൽ നടത്തിയ യാത്രയ്ക്ക് സർക്കാരിൽ നിന്ന് സാധുകരണം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly